ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു:

വിഭാഗം	പാലങ്ങൾ	കലുങ്കുകൾ
ദേശീയപാതാവിഭാഗം	11	ഇല്ല
റോഡ്സ് & ബ്രിഡ്ജ്സ് വിഭാഗം	134	757

(ബി & സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതുക്കിപ്പണിയേണ്ട പാലങ്ങളുടേയും കലുങ്കുകളുടേയും പണികൾ യഥാസമയം ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പഴയ മലബാർ ഭാഗത്തുള്ള പാലങ്ങൾ

79(4359) ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പാലങ്ങളുടെ പണി ആരംഭിച്ചു ;

(ബി) അതിൽ എത്രയെണ്ണം പഴയ മലബാർ ഭാഗത്തുള്ളവയാണെന്ന് വെളിപ്പെടുത്താമോ :

(സി) പണി തുടങ്ങിയ പാലങ്ങളിൽ എത്രയെത്തിന്റെ പണി പൂർത്തിയാക്കി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും വിഭാഗം : 45 പാലങ്ങൾ
ദേശീയ പാതാ വിഭാഗം : 4 പാലങ്ങൾ

(ബി) റോഡുകളും പാലങ്ങളും വിഭാഗം : 15 എണ്ണം
ദേശീയപാതാ വിഭാഗം : ഇല്ല.

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 8 പാലങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly